വർഗ്ഗീയതയ്ക്കും വിഘടനവാദത്തിനും എതിരെയുള്ള പ്രചരണ പരിപാടികൾ

230 (5120) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന യുവജന സംഘടനകളെ സംഘടിപ്പിച്ച് വർഗ്ഗീയതയ്ക്കും വിഘടനവാദത്തിനും എതിരെ വലിയ തോതിലുള്ള പ്രചരണ പരിപാടികൾക്ക് എന്തെങ്കിലും പദ്ധതി ഗവൺമെന്റിന്റെ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന യുവശക്തി പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്ന് മതസൗഹാർദ്ദ കൂട്ടായ്മ സംഘടിപ്പിക്കുകയും വർഗ്ഗീയതയ്ക്കും വിഘടനവാദത്തിനും എതിരെയുള്ള ബോധവൽക്കരണവുമാണ്. യൂത്ത് വെൽഫയർ ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന യൂത്ത് ഫോറങ്ങളിൽ ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകി മത സൗഹാർദ്ദ സെമിനാറുകൾ സംഘടിപ്പിച്ചുവരുന്നു. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും യൂത്ത് ക്ലബ്ബുകൾ, യുവജന സംഘടനകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ മതേതര ഗ്രാമോത്സവങ്ങൾ ഭാവിയിൽ സംഘടിപ്പിക്കുന്നതാണ്.

സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ വിഴിഞ്ഞത്ത് പുതുതായി നിർമ്മിച്ച കാർഗോ ബർത്തിൽ അധിക സൗകര്യങ്ങൾ

231 (5121) ശ്രീ. വർക്കല കഹാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എൻ. ശക്തൻ :
ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി പുനരധിവാസ പദ്ധതിയുടെ കീഴിൽ വിഴിഞ്ഞത്ത് പുതുതായി നിർമ്മിച്ച കാർഗോ ബർത്തിൽ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഈ വർഷം ഇതുവരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) 2010-2011 വർഷ കാലയളവിൽ ഇവിടെ എന്തൊക്കെ അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഇതിനായി എത്രകോടി രൂപ ചെലവിടാനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇതിനായി എന്തുതുക കേന്ദ്ര സഹായമായി ലഭിക്കുമെന്ന് കണക്കാക്കുന്നു ;

(ഇ) ഇവിടെ അധിക സൗകര്യങ്ങൾ സജ്ജീകരിക്കുന്നതിനായി ഈ സാമ്പത്തിക വർഷം ഇതുവരെ എന്തുതുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) തുറമുഖ വകുപ്പിന്റെ പദ്ധതി ഫണ്ട് ഉപയോഗിച്ച് റെയിൽ മൗണ്ടഡ് ക്രയിൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്.

(ബി) 58.3 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൻ പ്രകാരം തുറമുഖത്തിലേയ്ക്കുള്ള അപ്രോച്ച് റോഡ് വീതി കൂട്ടലും, ചുറ്റുമതിൽ നിർമ്മാണവും നടപ്പാക്കുന്നതിനുപുറമേ ട്രാൻസിറ്റ്ഷെഡ്, ഇലക്ട്രിഫിക്കേഷൻ, യാർഡ് ലൈറ്റിംഗ്, വാട്ടർ സപ്ലൈ, സാനിട്ടേഷൻ സൗകര്യങ്ങൾ എന്നിവ ഏർപ്പാടാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(സി) 233.30 ലക്ഷം രൂപ ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇത് കേന്ദ്രാവിഷ്കൃത പദ്ധതിയല്ല. സംസ്ഥാന സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്.

(ഇ) പ്രവൃത്തി ഏർപ്പാടാക്കി പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ ചെലവ് വരികയുള്ളു.

മാരിടൈം ഡവലപ്പ്മെന്റ് ബോർഡിന്റെ ഘടനയും പ്രവർത്തന രീതികളും

232 (5122) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ:
ശ്രീ. എം. മുരളി :
ശ്രീ. കെ. ബാബു :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറൈൻ സെക്ടറിലെ വർദ്ധിച്ചുവരുന്ന തൊഴിൽ അവസരങ്ങൾക്കനുസൃതമായി സംസ്ഥാനത്ത് മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകൾ സംസ്ഥാനത്ത് എവിടെയൊക്കെ സ്ഥാപിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(സി) സംസ്ഥാനത്തെ മാരിടൈം വികസനത്തിന്റെ ഏകോപന പ്രവർത്തനത്തിനായി ഒരു മാരിടൈം ഡെവലപ്മെന്റ് ബോർഡ് സ്ഥാപിക്കണമെന്ന നിർദ്ദേശം പ്രാവർത്തികമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly